## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ചെറിയനാട് ഗ്രാമപഞ്ചായത്ത് - കുടിവെള്ള വിതരണം നടത്തിയ കരാറുകാരൻ - പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് തുക അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം. 3371/2016/തസ്വഭവ — തിരുവനന്തപുരം, തീയതി, 09/12/2016

പരാമർശം:- 1. . ചെറിയനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 01/10/2016 ലെ കത്ത്.
2. സ.ഉ. (എം.എസ്) 58/2006/തസ്വഭവ തീയതി 16.02.2006.

### ഉത്തരവ്

ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമപഞ്ചായത്തിൽ 2015-2016 ലെ അതിരൂക്ഷമായ കുടിവെള്ള ക്ഷാമ സമയത്ത് കുടിവെള്ള വിതരണം നടത്തിയ കരാറുകാരന് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകണമെന്നതാണ് പരാമർശകത്തിലെ ആവശ്യം.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമപഞ്ചായത്തിൽ 2015-2016 ലെ അതിരൂക്ഷമായ കുടിവെള്ള ക്ഷാമ സമയത്ത് 29/05/2015 മുതൽ 20/06/2015 വരെ ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്തിയ കരാറുകാരൻ, ശ്രീ.ജോൺസ് മാത്യു കൊച്ചു കാട്ടിൽ കോട്ടേജ്, എണ്ണയ്ക്കാട് എന്ന ആൾക്കു ആയതിനുള്ള തുകയായ 46,000/- രൂപ (നാൽപത്തിയാറായിരം രൂപ) പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അവരുടെ കമ്മിറ്റി/കൗൺസിൽ തീരുമാനത്തിനും പരാമർശം രണ്ടിലെ ഉത്തരവിനും വിധേയമായി യഥേഷ്ടാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്. ഡി. സുനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
പ്രസിഡന്റ്, ചെറിയനാട് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സി. ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

*ഉത്തരവിൻ പ്രകാരം,*

*സെക്ഷൻ ഓഫീസർ.*